# ഭൂഗർഭജലത്തിന്റെ യഥാർത്ഥ അവകാശികൾ ആരാണ്?

സി.ആർ. ബിജോയ്

**പ്ലാച്ചിമട** സമരവുമായി ബന്ധപ്പെട്ട് ഉയർന്ന പ്രതികരണങ്ങൾ പ്രദേശത്തെ വെള്ളത്തിന്റെ ഗുണനിലവാരത്തിൽ വന്ന മാറ്റവും കൊക്കക്കോള കമ്പനിയുമായുള്ള ബന്ധവും ചർച്ച ചെയ്യപ്പെട്ടിട്ടില്ല. സംസ്ഥാന ഭരണകൂടം, ജല അതോറിറ്റി, മലിനീകരണ നിയന്ത്രണബോർഡ്, കോടതി, പഞ്ചായത്ത് എന്നിവരാരും തന്നെ ഏറ്റവും പ്രധാനമായ ഈ പ്രശ്നം അഭിമുഖീകരിക്കാൻ തയ്യാറായിട്ടില്ല.

ഏറെ പ്രധാനവും അടിസ്ഥാനപരവുമായ പ്രശ്നം ഭൂഗർഭ ജലത്തിന്റെ, യഥാർത്ഥ അവകാശികൾ ആരെന്നാണ്? പ്ലാച്ചിമടയിലെ സാധാരണജനങ്ങൾക്ക് സ്ഥലത്തെ ഭൂഗർഭ ജലത്തിന്റെ ഉടമാവകാശം ഇല്ലെങ്കിൽ അവർക്ക് അക്കാര്യത്തിൽ പ്രസ്തുത അധികാരം നിക്ഷിപ്തമായ സംസ്ഥാന ഭരണകൂടത്തിനോട് പരാതിപ്പെടാനെ കഴിയുകയുള്ളൂ. ഗ്രാമപഞ്ചായത്തിന് ലൈസൻസ് നൽകാനുള്ള കേവല അധികാരമുണ്ടെങ്കിലും ജലത്തിന്റെ അവകാശവുമായി ബന്ധപ്പെട്ട നിയമങ്ങൾ പഞ്ചായത്ത് രാജ് ആക്ടിൽ പുനർ നിർവചിക്കുകയും പൊളിച്ചെഴുതുകയും ചെയ്യേണ്ടതുണ്ട്. പ്ലാച്ചിമട സമരത്തിന് സൂക്ഷ്മ രാഷ്ട്രീയ പ്രശ്നങ്ങൾ ഉന്നയിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സമരം അഭിമുഖീകരിക്കുന്ന സ്തംഭനാവസ്ഥയുടെ അടിസ്ഥാനവും ഇതുതന്നെയാകണം. ആഴത്തിലുള്ള സൂക്ഷ്മ രാഷ്ട്രീയ പ്രശ്നമായ ഭൂഗർഭജലത്തിന്റെ ഉടമസ്ഥാവകാശം ആർക്കെന്ന ചോദ്യം നിശ്ചയമായും അഭിമുഖീകരിക്കണം. ഭൂഗർഭ ജലത്തിന്റെ ഉടമസ്ഥതയിലും, വിനിയോഗത്തിലും തദ്ദേശീയരുടെ അവകാശവും നിയന്ത്രണവും ഉറപ്പിക്കാൻ കഴിയണം. ഈ പ്രശ്നം ഉന്നയിക്കപ്പെടുന്നതോടെ സംസ്ഥാനത്തെ ശരിയായ രാഷ്ട്രീയ പ്രശ്നമായി ഈ സമരത്തിന് കുതിച്ചുചാടാൻ കഴിയും. പ്രാദേശിക ഭരണകൂടത്തിന്റെ അടിസ്ഥാന തല യൂണിറ്റായ ഗ്രാമസഭയ്ക്ക് ഭൂഗർഭജലത്തിന്റെ ഉടമാവകാശവുമായി ബന്ധപ്പെട്ട് ആധികാരികമായി ഒന്നും ചെയ്യാൻ കഴിയില്ല. എന്നതും അതുകൊണ്ട് തന്നെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനും തുടർ നടപടികളെടുക്കാനും കഴിയില്ല എന്നതാണ് വാസ്തവം. ഭൂഗർഭ ജലത്തിന്റെ നിയമപരമായ അധികാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗ്രാമസഭയ്ക്ക് കഴിയുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. എന്നാൽ ഇതിനെ അതിജീവിക്കാൻ ഭരണഘടനയിൽ നിയമപരമായ സാദ്ധ്യത നിലനിൽക്കുന്നുണ്ട്. 1996 ലെ പഞ്ചായത്ത് രാജ് ആക്ടിലെ സ്വയംഭരണാവകാശവുമായി ബന്ധപ്പെട്ട വകുപ്പുകൾപ്രകാരം നമ്മുടെ ഗ്രാമത്തിലെ ഭൂഗർഭ ജലത്തിന്റെ അധികാരം നമുക്ക് തന്നെയാണെന്ന കാര്യം ഗൗരവമായി പരിഗണിക്കപ്പെടണം. ഭൂഗർഭ ജലത്തിന്റെ എല്ലാ തലത്തിലുള്ള അധികാരവും ഉടമാവകാശവും ഉയർത്തിപ്പിടിക്കുന്ന യഥാർത്ഥ സമരമായി പ്ലാച്ചിമട സമരം ഉയരണം.

*Ramakrishna Hospital, Coimbatore*



ജനുവരി 16 ന് പ്ലാച്ചിമട സമരം ആയിരം ദിവസം പിന്നിട്ടു. കമ്പനി പടിയ്ക്കൽ നടന്ന ഉപരോധ സമരത്തിനിടെ ഉദ്ഘാടക മേധാ പട്കർ കേരളീയം പ്ലാച്ചിമട പ്രത്യേക പതിപ്പിന്റെ പ്രകാശനം സമരസമിതി കൺവീനർ വേലൂർ സ്വാമിനാഥന് നല്കി നടത്തിയപ്പോൾ.